**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4510** **19-03-2025 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഉന്നതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (എ) | മട്ടന്നൂർ മണ്ഡലത്തിൽ 2016-21 സർക്കാറിന്റെ കാലത്ത് അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി നഗറുകൾ തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല. നിലവിലുള്ള സർക്കാറിന്റെ കാലത്ത് അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി 2022- 23 വർഷത്തിൽ പടിയൂർ പഞ്ചായത്തിലെ മുയ്യേരി നഗറിനെ തിരഞ്ഞെടുത്തിരുന്നു. മോണിറ്ററിംഗ് കമ്മിറ്റി ചേർന്ന് പ്രവർത്തികളുടെ മുൻഗണന ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. നിർവഹണ ഏജൻസിയായ എൽ. എസ്. ജി. ഡി യിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ